# രാജർഷി

പുസ്തകം 12 | 1121 കന്നി | ലക്കം 2

## മംഗളം.

അച്ഛൻമരിക്കിലുമെവൻനിജകർമ്മമെല്ലാ-
മച്ഛന്നധൈര്യമൊടുചെയ്തു യശസ്സുനേടി,
സ്വച്ഛസ്വഭാവമെഴുമാ രഘുസൂനു താനെ-
ന്നിച്ഛയ്ക്കിടിച്ചലണയാതെ തുണച്ചിടേണം.

കെ. പ്രഭാകരൻ.

## ജാനശ്രുതിനൃപതി.

ജി. വിശ്വനാഥശർമ്മാ.

ബ്രഹ്മസൂത്രശാങ്കരഭാഷ്യത്തിൽ അപശൂദ്രാധികരണനിരൂപണവേളയിൽ ഒരു രസകരമായ ഉപനിഷൽ കഥ സന്ദർഭവശാൽ വിവരിക്കപ്പെട്ടിട്ടുണ്ട്. ശൂദ്രനു വേദാധികാരമില്ലെന്നാണ് ആചാര്യരുടെ വാദം. എന്നാൽ ഛാന്ദോഗ്യോപനിഷത്തിൽ ഒരിടത്തു രൈക്വമഹർഷി ജാനശ്രുതിനൃപനെ "ഹെ ശൂദ്ര" എന്നു സംബോധനയോടെ ആത്മതത്വോപദേശം ചെയ്യുന്ന കഥാഭാഗം ആചാര്യരുടെ വാദത്തിന്നെതിരായി നില്ക്കുന്നു എന്നതാണു വിഷമം. എന്നാൽ അവിടെ ശൂദ്രപദം ശൂദ്രജാതിയെ കുറിക്കുന്ന ഒന്നല്ലെന്നും ശോകംകൊണ്ടു ദ്രവിച്ചവൻ ശൂദ്രൻ എന്ന അവയവാർത്ഥമാണു ഗ്രഹിക്കേണ്ടതെന്നും ആചാര്യപാദർ നിപുണമായി വ്യാഖ്യാനിച്ച് തൻെറ വാദം നേടുന്നുണ്ട്. അതെങ്ങിനെയുമിരിക്കട്ടെ

ജാനശ്രുതി നൃപതി അന്നദാനവീരനായിരുന്നു. മാലോകരെല്ലാം അദ്ദേഹത്തിൻെറ ഗുണഗണങ്ങളെ വാനോളം വാഴ്ത്തി. ഉദാരമതിയായ ആ നൃപവരൻ പ്രജകളുടെ പ്രശംസാഭിനന്ദനങ്ങളിൽ മുഴുകി കൃതകൃത്യനായി ചമഞ്ഞു. എന്നാൽ ആ മഹാരാജൻെറ മഹനീയഗുണങ്ങളാൽ വശീകൃതരായ മുനിമാർ അദ്ദേഹത്തെ ധർമ്മമാർഗ്ഗത്തിൽനിന്നും മോക്ഷമാർഗ്ഗത്തിലേക്കു തിരിച്ചുവിടണമെന്നു ആഗ്രഹിച്ചു. അതിന്നായി ആ മുനിമാർ ഹംസരൂപമെടുത്തു നിലാവുള്ള ഒരു നിശാവേളയിൽ ജാനശ്രുതിയുടെ രാജധാനിക്കുമീതെ പറന്നുവന്നു.

നീലമേലാപ്പുപോലെ വിശാലനിർമ്മലമായ ആകാശം. വജ്രമണിനുറുങ്ങുകൾ ചിതറിയപോലെ മിന്നിമിന്നുന്ന നക്ഷത്രരാശി. വെള്ളിച്ചിറകുവെച്ച 'വിമാനങ്ങൾ പോലെ അങ്ങും ഇങ്ങും പാറിക്കളിക്കുന്ന വെള്ളിമേഘങ്ങൾ. മുഗ്ദ്ധമധുരസ്വപ്നംപോലെ സമ്മോഹനമായ പൂനിലാവ്. അന്ന് ആ നിശാവേളയിൽ രാജധാനിയിലെ ഉയർന്ന ചന്ദ്രശാലയിൽ ജാനശ്രുതിനൃപതി

വിശ്രമസുഖം അനുഭവിക്കുകയാണ്. മനം കുളിപ്പിക്കുന്ന ഈ പ്രശാന്തനിശീഥിനിയിൽ മാമുനിമാർ ആ നൃപസത്തമനു അഭീഷ്ടം ആശംസിക്കുവാൻ ഹംസരൂപമെടുത്തു് മാലാരൂപത്തിൽ ആ മണിമന്ദിരത്തിനുമീതെ മന്ദമന്ദം പറന്നുവന്നു. അപ്പോൾ മുമ്പെ ഗമിക്കുന്ന മുനിഹംസത്തിനോടു പിന്നിലെ ഹംസം പറയുകയാണ്. "ഭദ്രാക്ഷ! ഇതു ജാനശ്രുതി മഹാരാജൻെറ രാജധാനിയാണ്. അദ്ദേഹത്തിൻെറ ഐശ്വര്യതേജസ്സ് വാനോളം പൊന്തിപരന്നിരിക്കുന്നു. അതിനാൽ അതിനെ അതിക്രമിക്കുന്നതു സൂക്ഷിച്ചുവേണം."

ഇതിന്നു ആദ്യത്തെ മുനിഹംസം പ്രതിവദിക്കുന്നു. "ബ്രഹ്മിഷ്ഠനായ രൈക്വനെപ്പോലെയാണൊ ഇദ്ദേഹം. വഴിയരികെ ഒരു പൊളിഞ്ഞ കട്ടവണ്ടിച്ചക്രവും ചാരിയിരിക്കുന്ന രൈക്വമുനിയുടെ തേജസ്സു ദുരതിക്രമം തന്നെ. താദൃശമായ ഒരു തേജോവീര്യം ഈ രാജാവിനുണ്ടെന്നു തോന്നുന്നില്ല. നിലാമുററത്തിൽ ശയിച്ചിരുന്ന രാജർഷിയുടെ ശ്രവണപുടത്തിൽ മുനിഹംസങ്ങളുടെ ഈ മന്ത്രസംഭാഷണം പതിഞ്ഞു. അതിന്നു അവർ മനഃപൂർവ്വമായി ത്തന്നെ ഉദ്ദേശിച്ച ഫലമുളവായി. ജീവിതത്തിൽ ഇതാദ്യമായിട്ടാണ് ആ നൃപോത്തമൻ തന്നെ അധികരിച്ചുള്ള അനാദരവചനം കേൾക്കുന്നതു്. ഈ ഹംസഭാഷണം അദ്ദേഹത്തെ ഉദ്വേജിതനാക്കി. ശകടലിംഗിയായ രൈക്വമഹർഷിയെ ആരാഞ്ഞറിഞ്ഞു ആത്മവിദ്യാരഹസ്യം അറിഞ്ഞേ കഴിയൂ എന്നദ്ദേഹം ഉറച്ചു. ഇത്രയുംകാലം ധർമ്മാഭിമാനത്തിലും കീർത്തി പ്രശംസാമാധുരിയിലും മയങ്ങിയ ആ രാജപുംഗവൻ പശ്ചാത്താപഭരിതനായി രൈക്വനെ തേടിപ്പുറപ്പെട്ടു നടന്നു. എന്നാൽ ബ്രഹ്മജ്ഞാനിയായ ഈ രൈക്വമുനിയൊ വഴിയരികെ തകർന്ന ആ കട്ടവണ്ടിച്ചക്രത്തിൽ ചാരിധൂളിധൂസരനായി സമാധി ഇരിപ്പാണ്. മനം ഉരുകി ആത്മവിദ്യാലാഭത്തിനായി കേഴുന്ന നൃപതിയെക്കണ്ടു് രൈക്വൻ അരുളി. "ഹെ ശൂദ്ര! (ശോകംകൊണ്ടു ദ്രവിച്ചവനെ!) എനിക്കു കാഴ്ചയായി അവിടുന്നു കൊണ്ടുവന്നിരിക്കുന്ന തേരും പശുക്കളുമെല്ലാം അവിടുത്തേക്കുതന്നെയിരിക്കട്ടെ. അതാണുചിതം. എനിക്കിതെല്ലാം എന്തിന്നു." ജാനശ്രുതിർഷി രൈക്വനിൽനിന്നും ആത്മവിദ്യയറിഞ്ഞു ധർമ്മത്തിൽനിന്നും മുക്തിയിലേക്കു തിരിഞ്ഞു. സമസ്തജനാനുഗ്രഹമാത്രപരായണരായ മുനിമാർ സുകൃതികളെ എപ്പോൾ ഏതുരീതിയിൽ ഉത്തമമാർഗ്ഗത്തിലേക്കു തിരിച്ചുവിടുന്നു എന്നതിന്നു ഒരു മാതൃകാകഥ.

---

## നമസ്കരിക്കാം.

(വിദ്വാൻ അടയത്തു കൃഷ്ണപിള്ള.)

പാലൊളിക്കതിർതൂകിപ്പാരിടം പാലാഴി-
(യായ്
പാടവേ പകർത്തുന്ന ദിനകരനും,
ശാരദാംബരലസത്താരകനിരചൂഴ്-
മാർമൃസുധാകരവരബിംബവും,
അല്പമഹസ്സും വീചിതല്പജത്തല്പുകളാൽ
പൊല്പമന്യൂനതരജലധികളും,
ഉത്തുംഗശൃംഗാളികളൊത്തുവാനോട്ട-
(നേക്കു-
മുത്തമോത്തമമായ ഗിരിനിരയും
ഒത്തുചേർന്നുലകാകും നർത്തനരംഗംതന്നിൽ
നൃത്തമാടുന്നിതാർതൻ ചവിട്ടടിയിൽ
സത്യരൂപനീശനെയപ്പരമാത്മാവിനെ
നിത്യശാന്ത്യർത്ഥമെന്നും നമസ്കരിക്കാം.

# ഹാഫീസ് —

## വിശ്വവിഖ്യാതനായ ഒരു പാരസീകകവി

(മണ്ണന്തി സി. പ്രഭാകരൻ, ബി. എ.)

ജീവിതരീതിയെ അനുസരിച്ചായിരിക്കും സാഹിത്യത്തിൻെറ ഗതിയും. പാശ്ചാത്യപൌരസ്ത്യരാജ്യങ്ങൾക്ക ജീവിതത്തെ സംബന്ധിച്ചുമാത്രം വളരെ വ്യത്യാസങ്ങളുള്ളതുകൊണ്ടു് ഏതൽരാജ്യങ്ങളിലെ സാഹിത്യത്തിന്നും രൂപഭേദമുള്ളതായിക്കാണാം. പൌരസ്ത്യദേശങ്ങളിൽ ജീവിതം ദുരനുഭവനിബിഡവും, ലഘുവും, ഏറക്കുറച്ചിലോടു കൂടിയതുമായിരിക്കും. ഏതന്മൂലം, നിശ്ശൂന്യതയെയോ പരിപൂർണ്ണതയെയോ ആണ് പൌരസ്ത്യജീവിതമഹത്വത്തിൻെറ സ്ഥായിയായ ഗുണം. അനുകൂലമായ കാലാവസ്ഥ പൌരസ്ത്യരാഷ്ട്രങ്ങളുടെ പ്രതിഭാശക്തിയെ ഉദ്ദീപിപ്പിക്കുകയും, നിത്യജീവിതം അരോഗദൃഢമാക്കുകയും ചെയ്യുന്നുവെന്നുള്ളതിന്നു ധർമ്മശാസ്ത്രവിജ്ഞാനത്തിൽ അദ്വിതീയരായ ഹിന്ദുക്കളുടെ ചരിത്രം തന്നെ ലക്ഷ്യമാണ്. അപ്രകാരം തന്നെ സാഹിത്യത്തിന്നു ജീവിതവുമായി അഭേദ്യമായ ഒരു ബന്ധമാണ് അറബികളുടെ ഇടയിലുള്ളതു്. സൌന്ദര്യാസ്വാദനത്തിൽ പാരസീകകവികൾക്കുള്ള പാടവം അന്യാദൃശവും അസാധാരണവുമത്രെ.

ഇതിഹാസങ്ങളും ദീർഘവിവരണങ്ങളടങ്ങിയ ഗ്രന്ഥങ്ങളും പാരസികക്കുണ്ടെങ്കിലും, ഖണ്ഡകവിതകൾ രചിക്കുന്നതിലാണ് അവർ ദത്താവധാനരായിക്കാണുന്നതു്. ഹാഫീസിൻെറ ഉദയത്തോടുകൂടി പാരസീകസാഹിത്യത്തിൽ ഒരു നവയുഗം ആരംഭിച്ചുവെന്നുതന്നെ പറയാം. അദ്ദേഹം തൻെറ വിശാലവീക്ഷണത്തിൽ, പാശ്ചാത്യകവിവരേണ്യരായ പിണ്ടാർ (Pindar), ഹോറസ് (Horace), ബേൺസ് (Burns) തുടങ്ങിയവരെക്കൂടി ക്ഷണത്തിൽ പരാജിതരാക്കി. ഏതു വിഷയവും എളുപ്പത്തിൽ സരസമായി പ്രതിപാദിക്കാൻ ഹാഫീസിന്നുള്ള പാടവം ഒന്നു വേറെത്തന്നെയാണ്. പ്രകൃതിയുമായി ഇത്ര അഭേദ്യമായ ഒരു ബന്ധം പുലർത്തിപ്പോന്നിട്ടുള്ള കവികൾ വേറെ അധികമുണ്ടെന്നു തോന്നുന്നില്ല. അദ്ദേഹം പറയുകയാണ്: "ഐഹികസുഖങ്ങളെ രാത്രിയിൽ ധരിക്കുന്നുള്ള ഒരു തൊപ്പിപോലെ നിസ്സാരമാക്കിത്തള്ളുന്ന ഒരുവനെ യ[illegible] ജീവിതം നയിക്കുന്നുള്ള ഞങ്ങളുടെ പിതാവായ 'ആദം' ഒരു പഴത്തിന്നുവേണ്ടി 'പറദീസ്'യെ വിററുകളഞ്ഞു. പിന്നെയെന്തിനാണ് ഒരു മുന്തിരിക്കുലയെ പ്രാണനു തുല്യം കരുതുന്ന എന്നെ കുററപ്പെടുത്തുന്നതു്?" എന്തു ഗഹനമായ വിഷയം! എത്ര ലളിതകോമളമായ പ്രതിപാദനം!

ജീവിതനിരീക്ഷണസൌക്ഷ്മ്യമാണ് ഹാഫീസിൻെറ രണ്ടാമത്തെ പ്രധാനകലാധർമ്മം. തത്വചിന്താജടിലമായ യാതൊന്നും അദ്ദേഹത്തിൻെറ കൃതിയിൽ കാണുകയില്ല. പ്രതിപാദ്യം — ഗഹനമായാലും അല്ലെങ്കിലും ശരി — ആദ്യന്തം സരസമധുരമായിരിക്കണമെന്നാണ് ഹാഫീസിൻെറ ശാഠ്യം. "ഇതു വിഷമമേറിയ ഒരു പ്രശ്നമാണ്: ഒരു കതവു തുറക്കുമ്പോൾ മറേറാ കതവടയുന്നു;" "എൻെറ അതിഥികളെ നിഹനിക്കുന്ന ഒരു ഗൃഹസ്ഥനാണ്

ഭൂമി;" "പ്രകൃതിയുടെ മാറ്റത്തിലത്രെ സദ്ഗുണം കുടികൊള്ളുന്നതു്" — ഇവയെല്ലാം അതിഗഹനമായ ലോകതത്വങ്ങളുൾക്കൊള്ളുന്നവയാണു്; എന്നാൽ പ്രതിപാദനരീതിയോ —?

സ്വയംപ്രകാശനമാണ ഹാഫീസിന്റെ കാവ്യത്തിന്റെ മറെറാരു പ്രധാനഗുണം. അദ്ദേഹത്തിന്റെ ഓരോ വാക്കും തന്റെ സ്വഭാവത്തിന്റെ ബഹിഃസ്ഫുരണം മാത്രമായിരിക്കും; സരിൽസമമായ ആ ഹൃദയത്തിൽനിന്നുൽഭൂതമാകുന്ന വികാരങ്ങളെല്ലാം പ്രതിക്ഷണം മാററമേതുമെന്യേ കാവ്യത്തിൽ വ്യാപരിക്കുന്നു. ലോകവ്യാപാരങ്ങളുടെ വിവിധത്വം ഭംഗിയായി പ്രദശിപ്പിക്കുന്നവയാണു് അദ്ദേഹത്തിന്റെ കൃതികളെല്ലാം.

ബുദ്ധിസ്വാതന്ത്ര്യം മൂലമുണ്ടാകുന്ന വിചാരവീചികൾ തിരയടിക്കുന്ന ഒരു കവിഹൃദയം ഹാഫീസിനല്ലാതെ മററാക്കും കാണുകയില്ല. നാം പ്രതിനിമിഷം മതതത്വത്തിനും രാഷ്ട്രീയപ്രശ്നങ്ങൾക്കും ഇരയായിത്തീരുന്നു; മനുഷ്യജീവിതത്തിൽ എന്തൊന്നില്ലാത്ത ഒരു സാങ്കേതികത്വം പരന്നുകിടക്കുന്നതായിക്കാണാം. എന്നാൽ മനസ്സുമാത്രം മതത്തിനോ സാമ്രാജ്യശക്തിക്കോ ഒരിക്കലും അടിമപ്പെടുന്നില്ല, പരിപൂൎണ്ണമാണു് അതു്. സത്യക്ഷേത്രത്തിലേക്കുള്ള അതിന്റെ നിരന്തരപ്രയാണം നിൎമ്മതമോ നാസ്തികപരമോ ആയ എല്ലാവസ്തുക്കളേയും വെറുക്കുവാൻ അതിനെ പ്രേരിപ്പിക്കുന്നു. ഈ പരമാൎത്ഥം ഹാഫീസിന്റെ കാവ്യജീവിതവൃത്തിയിൽ പ്രത്യംഗം പ്രതിഫലിക്കുന്നതു കാണാം. മനുഷ്യകൃതമായ നിയമം അണുപോലും വിലവെച്ചിരുന്നില്ല ഹാഫീസു്. മഹൎഷിജീവിതത്തിന്റെ പാവനത്വം അദ്ദേഹം സ്വകാമിനിയിലാണു് ദശിക്കുന്നതെന്നോക്കുമ്പോൾ അത്ഭുതപ്പെടാത്തതാരാണു്? തന്റെ ആരാദ്ധ്യദേവതയുടെ ഏകകടാക്ഷവിക്ഷേപം നൂറുനൂറായിരം ത്യാഗങ്ങൾ ചെയ്യുവാൻ അദ്ദേഹത്തെ പ്രേരിപ്പിക്കാറുണ്ടത്രെ! ഹാഫീസിന്നു യാതൊന്നിനേയും ഭയമില്ല. യാതൊന്നിനേയും സ്വീകാൎയ്യവസ്തുവായി പരിഗണിക്കുന്നുമില്ല അദ്ദേഹം. "പ്രേമവീഥിയിൽ നിമ്നോന്നതങ്ങൾ ദശനീയമല്ല; 'അള്ളാ' ഒരു വരനാണു്; സ്വൎഗ്ഗം ഹൃദയഹാരിയായ ഒരു മണിയറയും." ഹാഫീസിന്റെ കവിതാസ്വാതന്ത്ര്യം അമിതമായിപ്പോയെന്നു് ഈ വരികൾ വായിക്കുമ്പോൾ ആരും സംശയിച്ചുപോകുന്നതാണു്. എന്നാൽ അതിലെല്ലാം യാഥാൎത്ഥ്യം കണ്ടറികാണുന്നില്ലെന്നു് ആരും വിചാരിച്ചുപോകരുതു്.

വീഞ്ഞിനോടും, കാമിനീമണികളോടും, പനിനീർകുസുമത്തോടും, ബാലന്മാരോടും, പ്രഭാതത്തോടും, സംഗീതത്തോടും ഹാഫീസിനുള്ള അഭിരുചി ഗണനാതീതമത്രെ. വായനക്കാരുടെ ഹൃദയത്തെയിട്ടു് അമ്മാനമാടുന്ന ഒരൈന്ദ്രജാലികനാണു് അദ്ദേഹം. ചിലപ്പോൾ ഉജ്വലിതവും, ചിലപ്പോൾ പ്രശാന്തരമണീയവുമായിരിക്കും അദ്ദേഹത്തിന്റെ വികാരങ്ങൾ. അദ്ദേഹം പാടുന്നു:

"വരിക. വരിക, വേഗം! തുറക്കുന്നു സ്വൎഗ്ഗത്തിന്റെ
വാതിൽ; വീഞ്ഞാൽ നിറയട്ടെ പാനഭാജനം!
ക്ഷണാനുക്ഷണം കാലം കാററിനൊപ്പം ഗമിക്കുന്നു
നിണനിറംപൂണ്ട വീഞ്ഞാൽ നിറയ്ക്കു പാത്രം.
ഇന്നാലെ മനോജ്ഞമാകും വിഭാതത്തിലെങ്ങുനിന്നോ

വന്നാളെല്ലാരുമദിരാക്ഷി, മദ്യവുമേന്തി:
ആനന്ദത്തിൻ മധുവെന്നു പറഞ്ഞവാം (മറഞ്ഞുതേ;
ഞാനതിനെപ്പാനംചെയ്തു തൃപ്തനാകട്ടെ.

* * * *

ഹൃദയശൂന്യമായൊരു വധുവാണീവസുധ; (നാ-
ളിതുവരെയസംഖ്യംപേരണഞ്ഞുപോം- (കാൻ.
തിരയരുതൊരിക്കലുമിവിടത്തിൽ വി- (ശ്വാസവും
നേരും .—ദുരിതമാണൊക്കു ഫലമെല്ലാ- (ക്കും."

* * * *

ഇങ്ങനെയാണ് അദ്ദേഹത്തിന്റെ തത്വചിന്തയുടെ പോക്ക്! പാരസീകക്ക് ഇത്ര രസപ്രദമായ ഒരു കവിത വേറെയില്ലത്രെ!

ഹാഫീസിന്റെ സന്ദർഭാനുസൃതമായ സംഭാഷണചാതുരിയെപ്പറ്റി എന്തെങ്കിലും പറയുന്നത് ഈ അവസരത്തിൽ അനുപപന്നമാകയില്ലെന്നു വിശ്വസിക്കുന്നു. ഒരിക്കൽ മധുരദർശനീയനായ ഒരു യുവാവിനു അദ്ദേഹം ഇങ്ങനെ ഒരു പ്രശംസാസന്ദേശം അയച്ചു: "എന്റെ ഹൃദയം നിന്റെ കരങ്ങളാൽ താലോലിക്കപ്പെടുവാൻ ഞാനാഗ്രഹിക്കുന്നു. നിന്റെ പൂങ്കവിളിന്റെ അരുണിമയ്ക്കു 'സാമർക്കണ്ടും', 'ബുക്കാറയും' കൂടി നല്കുവാൻ ഞാൻ തയ്യാറാണ്." തന്റെ രാജ്യങ്ങളെ ഇത്ര നിസ്സാരമാക്കിത്തള്ളിയതിൽ, ടിമൂർ ഹാഫീസിനെ വിളിച്ചു നല്കാമെന്നു പറഞ്ഞ രാജ്യങ്ങളെ സ്വയം സൃഷ്ടിക്കുവാനാജ്ഞാപിച്ചു. കൂസലെന്യെ ഹാഫീസ് പറയുകയാണ്: "പ്രഭോ, ഒരു ധാരാളിയായിരുന്നില്ലെങ്കിൽ ഞാനിത്ര ദരിദ്രനാവുകില്ലായിരുന്നു."

വ്യക്തിത്വമാണ് ഹാഫീസിന്റെ മറ്റൊരു പ്രധാനകലാധർമ്മം. അദ്ദേഹമെഴുതുന്ന ഓരോവരിയിലും സ്വമനോമുദ്ര പതിയാതിരിക്കില്ല. ഹാഫീസിന്റെ സ്വഭാവം ഗ്രഹിക്കണമെങ്കിൽ അദ്ദേഹത്തിന്റെ കൃതികൾ വായിച്ചേ കഴിയൂ. അദ്ദേഹം പറയുകയാണ്: 'പൌരസ്ത്യക്കോ, പാശ്ചാത്യക്കോ എന്നെ മനസ്സിലാക്കുവാൻ സാധിക്കുന്നില്ല; എനിക്കവരോടുള്ള ബന്ധം വളരെ വിരളമാണ്. സദാഗതിമാത്രമാണ് എന്റെ വിശ്വസ്തമിത്രം. ഞാനെത്ര ഭാഗ്യവാൻ! താരകളുടെ മൌനസംഗീതം മധുമധുരമാണ്; എന്നാൽ ഹാഫീസിന്റെ ഗാനം അതിലും മധുരമത്രെ!' (ജീവിതം ഒരു 'തുലാമല'യായി വിചാരിച്ചുപോരുന്ന നമ്മുടെ പരാജിഷ്ണുക്കൾ (Defeatism) ളായ യുവകവികൾ ഹാഫീസിന്റെ ഈ ഗാനമൊന്നു ശ്രവിച്ചെങ്കിൽ!) എന്തൊരൗദ്ധത്യം! എന്നാൽ ആ ആത്മാർത്ഥതയോ—?

വേറൊരിയ്ക്കൽ അദ്ദേഹം പറയുകയാണ്: "കുലീനരല്ലാത്തവർ മാത്രമേ ഹാഫീസിനെ അപലപിക്കൂ: ഹാഫീസ് പാടുമ്പോൾ വാനവർകൂടി ആനന്ദപുളകിതരായി നൃത്തമാരംഭിക്കുന്നു'— ഇങ്ങനെയാണ് അദ്ദേഹത്തിന്റെ അപ്രതിരോധ്യമായ അധികാരത്തിന്റെ പ്രവാഹം. എന്നാൽ ഇത്ര ജനസമ്മതനായ ഒരു കവി വേറെയുണ്ടെന്നു തോന്നുന്നില്ല. മരുഭൂമിയിലൂടെ സഞ്ചരിക്കുന്ന ഏതൊരുവനും ഹാഫീസിന്റെ ഗാനങ്ങൾ മനഃപാഠമാണ്.

സ്നേഹസന്ദേശവാഹികളാണ് പാരസീകകവികളെല്ലാവരും. ദിവാൻ (Divan) എന്ന ഹാഫീസിന്റെ സർവ്വോത്തമകൃതി സ്നേഹം ഉടലെടുത്തതാണെന്നുവേണം പറവാൻ. വികാരപരിപൂർണ്ണമാണു ഏതൽകൃതിയിലെ ഓരോവരിയും. അദ്ദേഹം പാടുന്നു: "ഓമനേ, നിന്റെ അധരത്തിന്റെ വക്രത ചന്ദ്രക്കലയെ ലജ്ജിത-

യാകുന്നു;" "നിന്റെ അധരങ്ങളിൽ ചുംബിക്കുവാൻ, അതിന്റെ മാധുര്യമൊഴുകുന്ന എന്റെ കവിതയിൽ തന്നെ ഞാൻ മജ്ജനം ചെയ്യട്ടെ. പല്ലവമൃദുലമായ ഹൃദയമേ! നിന്റെ കടക്കണ്ണുകളാൽ നിഹനിക്കപ്പെട്ടവൎക്കായി തെല്ലുനേരമെങ്കിലും നീ പ്രാൎത്ഥിക്കുമോ?" പ്രേമപ്പൂന്തോപ്പിലിരുന്നു് ഒരു കവികോകിലവും ഇത്ര മധുരമായി ഇതിന്നുമുമ്പൊരിക്കലും പാടിയിട്ടില്ല. ഹാഫീസിന്റെ ഹൃദയം പ്രേമപരിപൂൎണ്ണമാണു്; എന്നാൽ അതൊരിക്കലും നിയന്ത്രണാതീതമല്ല. പല സന്ദൎഭങ്ങളിലും മതബോധം അദ്ദേഹത്തിന്റെ ഉപവിപ്ലവ മനഃസ്ഥിതിയെ തടഞ്ഞുനിൎത്തുന്നതുകാണാം. പക്ഷെ പരിമിതമായ ഒരു പരിധിമാത്രമേ തത്വാവബോധത്തിന്നു് അദ്ദേഹം അനുവദിച്ചുകൊടുക്കുന്നുള്ളു. മതത്തിന്നു മുമ്പിൽ തല ചായ്ചുനില്ക്കുന്ന ഒന്നായിരുന്നില്ല ഹാഫീസിന്റെ ജീവിതം. പാരസീക കവികളിൽ മിക്കപേരും ഹാഫീസിനെപ്പോലെതന്നെ മധുവിനും മദിരാക്ഷിക്കുംവേണ്ടി ജീവനെ ബലികഴിച്ചവരാണു്. എന്നാൽ 'ഉമാർഖയ്യാ'മിന്റേതുപോലെ നിത്യവിലാസലോലമായിരുന്നില്ല ഹാഫീസിന്റെ ജീവിതപരിപാടി. അദ്ദേഹത്തിന്നു പലേ ലോകരഹസ്യങ്ങളും അവധാരണം ചെയ്യേണ്ടതുണ്ടായിരുന്നു. ഗഹനങ്ങളായ നിരവധി തത്വസംഹിതകളെ ലോകത്തിന്നായി അദ്ദേഹം പ്രദാനം ചെയ്തിട്ടുണ്ടു്. അവൎണ്ണനീയമായ ഒരു നവീനത്വം അദ്ദേഹത്തിന്റെ ഏതു കൃതിയിലും കിടന്നു കളിയാടുന്നതു കാണാം.

സംസ്കാരസമ്പന്നൎക്കും, അനഭിജ്ഞൎക്കും ഒരുപോലെ വായിച്ചാസ്വദിക്കാവുന്നവയാണു് ഹാഫീസിന്റെ കാവ്യങ്ങൾ.

"അപാരേ കാവ്യസംസാരേ
കവിരേവ പ്രജാപതിഃ"

എന്ന മഹദ്വാക്യം ഹാഫീസിന്റെ കാവ്യാദൎശങ്ങളെ അക്ഷരംപ്രതി അന്വൎത്ഥമാക്കിച്ചെയ്തിട്ടുണ്ടു്. വിവിധത്വം അദ്ദേഹത്തിന്റെ ഒരു പ്രധാനകലാധൎമ്മമാണെന്നു മുമ്പു പ്രസ്താവിച്ചിട്ടുണ്ടല്ലോ. ഏതന്മൂലം, ഹാഫീസിന്റെ കാവ്യാരാമത്തിൽ പ്രവേശിക്കുന്ന സൎവ്വരും പരിതൃപ്തരായേ തിരിച്ചുപോകയുള്ളു. ചിലർ അദ്ദേഹത്തിന്റെ മധുനിഷ്യന്ദിയായ ഗാനത്തിൽ തങ്ങളുടെ ആശാസാഫല്യം കണ്ടെത്തുന്നു; മററുള്ളവർ പരിപക്വമായ അതിലെ ഫലങ്ങളാസ്വദിച്ചു തൃപ്തിനേടുന്നു. എന്നാൽ ഹാഫീസിനിതെല്ലാം വെറുമൊരു കുട്ടിക്കളിമാത്രമാണു്.

---

# മറുപടി

(എ. പി. രാമൻനായർ, ബി. എ.)

ജീവിതമെനിക്കൂതിച്ചൂളയായിരുന്നപ്പോ-
ളാവതും വീണ്ടുംനീറാൻ പിടഞ്ഞതപ്പപ (ഞാനമ
ധാരയായ്ച്ചുടുകണ്ണീർപൊഴിയുന്നേരത്തെ (ന്റെ
യാതനയ്ക്കുററംകൂട്ടാൻ കിണഞ്ഞതപ്പപ (ഞാനമ
ഇന്നുഞാൻകൃതവിദ്യനായ്ത്തീൎന്നവാറെൻ (നേൎക്ക
സ്വന്തമെന്നോതിക്കയ്യുനീട്ടാൻ നീ ലജ്ജി (ച്ചീലേ
വെൺപുകഠംവെളിച്ചത്തിലുയരാൻ ശ്രദ്ധ (പ്രേമ-
പ്പാൽക്കടൽപൂകാനിന്നുനീയെന്നെവിളി (ക്കുന്നോ?
വ്യൎത്ഥമാസ്തുതിഗീത,മൎത്ഥശൂന്യമീമാറാം;
നിസ്പൃഹം മനസ്സാക്ഷിവിറുതിന്നീടൊല്ലേ (നീ!

ഉണ്ടൊരുതിരുവുള്ളം ഞങ്ങൾക്കുതാങ്ങ (ല്ലെങ്കിൽ
വല്ലപാട്ടുമെന്നാല്ലേ ദീനർതൻകഥയുള്ളൂ!

പൂമണംപാറുംനിന്റെ പാവനപാദപങ്ക (ളി-
പ്പാവങ്ങൾ പൂകിപ്പാരം പൂതിഗന്ധിയാ (ക്കേണ്ടേ!!!

---

# ജനനി

---

(കുടമാളൂർ കെ. സി. കേശവൻ നായർ, ബി. എ.)

മാതാവാം മലയാളരാജ്യത്തിൻമടിത്തട്ടിൽ
ഗീതങ്ങൾ പാടിപ്പാടിയിരിക്കുമെന്നെത്തേടി,
മരണം വരുന്നെങ്കിൽവരട്ടെ, പോകില്ലഞാൻ
ശരണംപ്രാപിയ്ക്കുമിന്നീണ്ട കൈവല്യത്തിൽ.
വന്ദ്യയാം ജനനിയെവേർപിരിഞ്ഞെനിയ്ക്കൊരു
നിന്ദ്യമാം സ്വർഗ്ഗംവേണ്ട—വേണ്ടഞാൻ പോകാദൂരം.
നെഞ്ചകംകുളിർപ്പിക്കും 'മാവേലിപ്പാട്ടു'ംകേട്ട്
പുഞ്ചിരിതൂകിത്തൂകി പൂത്തുമ്പനിൽക്കുന്നേരം;
ഭിന്നവർണ്ണങ്ങൾ പൂണ്ടപുഷ്പങ്ങൾ 'പൂത്തിണ്ണ'ക്കു
സന്നമാം സമതലത്തിൻ സൗന്ദര്യമേകുന്നേരം:
പൂവല്ലിക്കുടിൽതോറു മുറങ്ങിക്കിടക്കുന്ന
'പൂവിളി'ഗാനംവീണ്ടും പൂങ്കുയിൽപകർത്തുമ്പോൾ;
ഓണക്കോടിയുമുടുത്താമനക്കുമാരന്മാർ
ചാണകംമെഴുകിയമുററത്തുചാഞ്ചാടുമ്പോൾ;
സത്യമാംപള്ളിത്തേരിൽ ത്യാഗദീപവുമേന്തി
മുത്തണിക്കുടചൂടി മാവേലിയെഴുന്നള്ളും!
ചിങ്ങത്തിൻതോളിൽതൂങ്ങി പൊന്നോണംപോകുമ്പൊഴേ-
ക്കിങ്ങുവന്നെത്തും ധന്യധന്യമാംധനുമാസം.
ചേണെഴുംമൂടൽമഞ്ഞിൻ വെള്ളച്ചേലയുംചാർത്തി
നാണിച്ചുനാണിച്ചവൾ—'ആതിര'—യണയുമ്പോൾ;
നറുംപാൽചുരത്തുന്ന പൂന്തിങ്കൾദിനംപ്രതി
കറുകക്കൂമ്പുംതിന്നു വാനത്തുവളരുമ്പോൾ;
'പത്തുവൃത്ത'വുംപാടി 'പാതിരപ്പൂ'വുംചൂടി
മൊട്ടിട്ടതാരുണ്യങ്ങൾ കൈകൊട്ടിക്കളിച്ചീടും.
ശീമനാട്ടിലെ നിന്ദ്യനഗ്നനൃത്തമല്ല
നാമിങ്ങുകാണാം "കലാസൗന്ദര്യമതികാമ്യം.
ധനുവങ്ങണിയറപൂകിയാലരങ്ങത്തേ"
ക്കണിയും കണിപ്പൂവുംചൂടിയാടുവാൻമേടം.

മഞ്ഞപ്പട്ടണിഞ്ഞൊരെൻ കണ്ണനുണ്ണിയെപ്പോലെ
മഞ്ജുളമലർചാർത്തി 'പൂങ്കാന്ന' ചാഞ്ചാട്ടുമ്പോൾ;
വെള്ളരിവെള്ളിപ്പൊറ കുട്ടനെക്കണികാണാൻ
മെല്ലവെ വിളിച്ചെന്നെയുണർത്തും പുലർകാലം.
ധന്യമെൻ ജന്മം—ഹാ, ഹാ, മൃത്യുദേവതവന്നെൻ
മുന്നിൽനിന്നാകും മട്ടു കൈമാടിവിളിക്കിലും,
പാതിരാപ്പൂവും കണിക്കൊന്നയും പൂത്തുമ്പയും,—
ഭേദമൊന്നില്ലാതെയായ്ത്തീരുന്നകാലത്തോളം,
വന്ദ്യയാം ജനനിയെ വേർപിരിഞ്ഞെനിക്കൊരു
നിന്ദ്യമാം സ്വർഗ്ഗം വേണ്ട—വേണ്ട, ഞാൻപോകാ ദൃഢം!

* അച്ചടിയിലിരിക്കുന്ന 'വിനീതോപഹാരം' എന്ന ഗ്രന്ഥത്തിൽനിന്നു്

## യുവകവികൾക്കു് ഒരു താക്കീതു്.

i

ഭാഷയിൽ അനുദിനം ആവിർഭവിച്ചുകൊണ്ടിരിക്കുന്ന കവിതകൾ ആദ്യന്തം വായിച്ചു അവയുടെ പോക്കും നോക്കും ഏറെക്കുറെ മനസ്സിലാക്കുന്ന ഒരു വായനക്കാരനാണു് ഞാൻ. പോരാ, അവയെ എന്റെ മേധാശക്തിക്കെത്താവുന്നിടത്തോളം ചിന്തിക്കാറുള്ളവനുമാണു്. അവിടെയും നില്ക്കുന്നില്ല എന്റെ ശ്രമം. ഞാൻ അവയെ ഗാഢമായി മനസാ വിമർശിക്കുകയും ചെയ്തുവരുന്നു. എന്റെ വിമർശനങ്ങൾ എന്നിൽനിന്നുതന്നെ നശിച്ചുപോകണമോ, അതോ അവ ഇന്നത്തെ കവികളുടെ സങ്കേതങ്ങളിൽ എത്തുമാറു അവയെ പ്രസിദ്ധപ്പെടുത്തണമോ. ഇതിൽ ഏതെങ്കിലുമൊന്നു കൂടാതെ കഴികയല്ല. കവി അനന്യമനസ്കനായി പാടുന്നതു ആ വ്യക്തിയുടെ സുഖത്തിനുമാത്രമായിട്ടാണെങ്കിൽ അതു പത്രരംഗങ്ങളിൽ നടമാടുന്ന കഥയേ ഉണ്ടാകുന്നതല്ലല്ലോ. അപ്പോൾ അവയ്ക്കു്, വായനക്കാരുടെ വിചാരകേന്ദ്രങ്ങളെ സ്പർശിക്കാനിടവരണം എന്നൊരു വിചാരം ആ കവിതകളുടെ 'പി കാമ്യനായാലും അതൊന്നും എന്റെ ശ്രദ്ധക്കു വിഷയമാകുന്നതല്ല. കവി എന്ന നിലയിൽ അദ്ദേഹത്തിനുള്ള ധർമ്മം എന്താണെന്നും എത്രത്തോളമാണെന്നും ആ ധാർമ്മികബാദ്ധ്യത നിർവ്വഹിക്കുന്നതിൽ അയാൾ വിജയിയോ, പരാജിതനോ ആയിരിക്കുന്നതെന്നും എനിക്കു സയുക്തികം പ്രസ്താവിക്കാതെ കഴിയുകയില്ല. ഒരുപക്ഷേ എന്റെ വിമർശനം കവിവ്യക്തികളുടെ മൃദുലവികാരങ്ങളെ കുറഞ്ഞൊന്നു വ്രണപ്പെടുത്തി എന്നു വരാം; അല്ലെങ്കിൽ ഇനിയൊരിക്കലും കവിത എഴുതുകയില്ലെന്നുള്ള നൈരാശ്യപൂർവ്വമായ ഒരു നിശ്ചയത്തിലേക്കവരെ ഒഴുക്കൻമട്ടിലങ്ങനെ തള്ളിവിട്ടു എന്നുവരുന്നാകാം. ഞാനിങ്ങനെ അവക്കെതിരായി നില്ക്കുമ്പോൾ അവർ എന്നെ അന്യായമായി പഴിക്കുകയും, സ്ഥാപിതതാൽപര്യക്കാരുടെ സഹായത്തോടുകൂടി പ്രസംഗമണ്ഡപങ്ങളിൽ എന്റെ വിമർശനപദ്ധതിയെ അവർ വിമർശിക്കുകയും ചെയ്തേക്കും. ഇതൊക്കെ പ്രതീക്ഷിച്ചുകൊണ്ടുതന്നെയാണു് ഗ്രന്ഥവിമർശനങ്ങൾക്കു ഞാൻ തൂലിക എടുക്കുന്നതു്.

എന്റെ പുറപ്പാടു കാണുമ്പോൾത്ത

താക്കൾക്കുണ്ടാകാതിരിക്കയില്ല. ആ സ്ഥിതിക്കു വിമർശനവും പ്രസിദ്ധപ്പെടുത്താതിരിക്കുന്നതു ഭംഗിയല്ല. ഇതാണു വിമർശനങ്ങൾ പ്രകാശിപ്പിക്കണമെന്നുള്ള എന്റെ തീർപ്പിനു ഉപോദ്ബലകമായിരിക്കുന്നത്.

എന്റെ നിരൂപണസരണി, സാധാരണ ഭാഷയിൽ പറയുന്നപക്ഷം നിഷ്പക്ഷമായിരിക്കും. കവി, അനാരൂഢശ്മശ്രുവായാലും, ജരാപലിതനായാലും, നവയൗവനംകൊണ്ടു നാൾതോറും വളരുന്ന ഒരളിന്നൊ ഇവർ പറയും. അതാ, പുതുമയോടെതിർക്കാനൊരു പുതിയ മാററാർ കൂടി പുറപ്പെട്ടിരിക്കുന്നു എന്നു്. ആയിക്കൊള്ളട്ടെ. വിധി കല്പിക്കുന്നതിനുമുമ്പുതന്നെ വിധിയെ വിമർശിക്കുന്ന ഒരു വല്ലാത്ത സമ്പ്രദായത്തിന്റെ ജല്പനമായിട്ടേ ഞാനിതിനെ വിചാരിക്കുന്നുള്ളു. കവികൾ ഭാഷക്കുവേണ്ടി ചെയ്യുന്ന ത്യാഗത്തിനു ഞാനവരെ അനുമോദിക്കുമ്പോൾ, ആ ഭാഷക്കുവേണ്ടി വിമർശനംനടത്തി ത്യാഗംചെയ്യുന്ന എന്നേയും അവർ അനുമോദിക്കണമെന്നു എനിക്കവകാശപ്പെടാം. പക്ഷേ, ആവിധമൊരവകാശപ്പെടലിനു ഞാൻ നില്ക്കുന്നില്ല. അവരുടെ ത്യാഗത്തിനുള്ള വില അവർക്കു ഭാഷയ്ക്കും സാഹിത്യത്തിനും അവർ സമ്പാദിച്ചുകൊടുക്കുന്നതു ക്ഷണഭംഗുരമായ ഒരു നേട്ടമാണെങ്കിൽ അതിനവരെ ശിക്ഷിക്കേണ്ട ധാർമ്മികബാദ്ധ്യത ഈ വിമർശകനു്. ഇതാണെന്റെ ലക്ഷ്യം. യുവകവികൾ നാളത്തെ മഹാകവികളാകേണ്ടവരാണു്. അവരുടെ കവിതയാണു് നാളത്തെ പൗരസഞ്ചയത്തിന്റെ ആലോചനക്കുള്ള വിഷയം: ഈ കവിതകൾ എഴുതിയകാലത്തു ജീവിച്ചിരുന്ന വായനക്കാരിൽ വിമർശകബുദ്ധിലേശമെങ്കിലും ഉള്ള ഒരൊററ വായനക്കാരനെങ്കിലും ഉണ്ടായിരുന്നില്ലല്ലോ എന്ന ഒരു വ്യസനം പിൻഗാമികളായ വായനക്കാർക്കുണ്ടായിക്കൂടാ. കവികളെപ്പോലെത്തന്നെ വിമർശകന്മാരും ഉണ്ടായിരുന്ന ഒരു സാഹിത്യമാണു നമ്മുടേതെന്നു അവർ അഭിമാനിക്കണം. സാഹിത്യമെന്നതു ക്ഷണികമായ ആനന്ദാനുഭൂതി വില്ക്കാൻ വെച്ചിരുന്ന ഒരു വ്യാപാരശാലയല്ല: ഉഭയലോകഹിതമായിരിക്കണം അതു്. എന്നുവെച്ചാൽ ഭൂസ്വർഗ്ഗങ്ങൾക്കോ ഇഹപരങ്ങൾക്കോ ഹിതമാകുക എന്നതല്ല; പണ്ഡിതന്മാർക്കും — അങ്ങനെയുള്ള ഉഭയലോകത്തിനു് പാമരന്മാർക്കും — ഹിതമായിരിക്കണം സാഹിത്യം. ഇതാണു ഞാൻ സ്വീകരിച്ചിട്ടുള്ള സാഹിത്യത്തിന്റെ മാനദണ്ഡം. ഭൂലോകഹിതത്തേയും സ്വർല്ലോകഹിതത്തേയും ഞാൻ സാഹിത്യമായി പരിഗണിക്കാത്തതെന്തുകൊണ്ടെന്നു ചിലർ ചോദിച്ചേക്കും. ശരി; അവരോടും എനിക്കു മറുപടി പറയേണ്ടതുണ്ടു്. സുഖസമൃദ്ധിയിൽ കഴിഞ്ഞുകൂടുന്ന മനുഷ്യവ്യക്തികളുടെ നാട്ടിൽ ജീവിക്കുന്ന ഒരാൾക്കും പ്രത്യേകമായിട്ടൊരു സ്വർഗ്ഗത്തെ സങ്കല്പലോകത്തിൽ പ്രതിഷ്ഠിക്കേണ്ട ആവശ്യമില്ല; അതുപോലെത്തന്നെ ക്ലേശബഹുലവും ദുരന്തദുഃഖവുമായ ഒരു ജീവിതത്തെ ദുർവ്വഹഭാരമായി നയിക്കുന്നവരുടെ ലോകത്തിൽ വസിക്കുന്ന എനിക്കു ഒരു നരകത്തേയും സങ്കല്പിക്കാൻ സാധിക്കുന്നില്ല. ചുരുക്കത്തിൽ ഞാൻ പറയുന്നതിതാണു്. എന്റെ അഭിപ്രായത്തിൽ ഇവിടെത്തന്നെയാണു് നരകവും സ്വർഗ്ഗവും. അല്ലെന്നു വാദിക്കുന്നവരോടു എനിക്കൊന്നും പറയുവാനില്ല. അവർ അവരുടെ ഹിതമനുസരിച്ചു പുരോഗമിച്ചുകൊള്ളട്ടെ.

—മൂക്കോത്ത്

## പുലരിയുടെ പുഞ്ചിരി.

തോട്ടയ്ക്കാട്ട് മാധവമേനോൻ.

രജനികരനിങ്ങനേ നിത്യവും യാത്രയാൽ
നിജതനുതളൎന്നഹോ വീഴുന്നു സാഗരേ;
നിയതപതനത്തിനെന്നഗ്ഗണ്യമാകാത്തവൻ
ഭയരഹിതമംബരേ സഞ്ചരിക്കുന്നിതാ! 1

പകലവനുമിന്നുതൻ ദീപ്തഭേദങ്ങളാ-
ലകതളിരിലേതുമേ ചാഞ്ചല്യമെന്നിയേ,
ഉദയവുമുയൎച്ചയും താഴ്ചയും വീഴ്ചയും
മദമരിതനെന്നപോൽ സ്വീകരിപ്പൂസ
(ദാ! 2

ഭവമതിമഹാൎണ്ണവേ വീണവൻതൃഷ്ണതൻ
ലവണജലമേറെവും സേവിച്ചുമത്തരായ്,
ഇരുളൊളിവിൽനിസ്രൂപം വാഞ്ഛിതംനേ
(ടുവാൻ
കരുമനകളെത്രയോ കാട്ടുന്നുജീവികൾ! 3.

ഭുവനപരിവൎത്തന സാക്ഷിണീഭൂതയാ
മിവളഖിലവൃത്തിയും നോക്കിനിന്നീടവേ,
ഒരുവരുമിതൊന്നുമേ കാണ്മതില്ലെന്നുതാൻ
കരുതിതെളിവൃപ്പഥാ മായാവിമോഹി
(തർ! 4.

പ്രകൃതിധൂൎത്തക്കൂടമാം വിശ്വയന്ത്രത്തിലീ-
വികൃതചലിതം മഹാലോകചക്രോച്ചയം
തിരിയുമളവെത്രയോ വട്ടമീനാടകം
പരിചിനൊടു കണ്ടു ഞാൻ; കണ്ടീടുമിന്നി
(യും! 5.

വിലയമിയലാത്തതായ് സച്ചിദാനന്ദമായ്
വിലസുമതിനിൎമ്മലബ്രഹ്മതേജസ്സിനെ
പലകുറിപതിക്കിലും പാടുപെട്ടീടിലും,
നലമൊടൊരുജീവിയും ചിന്തചെയ്യീല
ഹോ! 6.

മതിനയനമോഹനം, ശാന്തിസൌഖ്യപ്ര
ദം,
പുതിയദിനയാത്രതൻപൂൎവ്വാംഗമംഗളം,
നവവിമലചിന്തതൻസന്താനമേവമാ
മിവളുടെ,ശുഭാഗമംപാൎക്കുന്നതാരുവാൻ! 6

ശരി ശരി നടക്കുവിൻ, നാളെത്രപോകിലും
പെരിയപലമാററങ്ങൾ സംഭവിച്ചീടിലും,
ഒരുപൊറുതമില്ലിതിൽസംശയം; സൎവ്വവും
വരുമിവിടെവീണ്ടുമേ പണ്ടേപോലെങ്കി
(നേ! 7.

ചതുരതരമായതൻ പമ്പരംപാച്ചിലിൻ
പുതുമപരമാരുമേ കാണാത്തതത്ഭുതം!
പലതുമിവൾയാൎക്കുവേതാനേ ചിരിച്ചുപോം
പുലരിയുടെ പുഞ്ചിരിക്കെന്നുമേവന്ദ
നം!! 9.

---

കമ്മ്യൂണിസ്റ്റ് പാൎട്ടിയുടെ ഇതഃപൎയ്യന്തമുള്ള നയവൈകല്യങ്ങ
ളെ അനുഭവങ്ങളുടെ വെളിച്ചത്തിൽ പരിശോധിക്കുവാൻ,
**പ്രജാമണ്ഡലവും കമ്മ്യൂണിസ്ററുകാരും**
എന്ന പുസ്തകം വായിക്കുക
ഗ്രന്ഥകൎത്താ: ആർ. എം. മനയ്ക്കലാത്ത്.
തൃശ്ശിവപേരൂർ പാഞ്ചജന്യം ആപ്പീസ്സിൽകിട്ടും
വില 6 ണ.